## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 465     11.12.2012 -ലെ മറുപടി

### ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ബത്തേരി-കോഴിക്കോട് റൂട്ടിൽ ഓടിക്കുന്ന ടൗൺ ടു ടൗൺ ബസ്സുകൾക്ക് പഴയ വൈത്തിരിയിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹു. കൽപ്പറ്റ എം.എൽ.എ. യുടെ കത്തും പഴയ വൈത്തിരി പ്രദേശവാസികളുടെ പ്രതിനിധി ശ്രീ. കെ.പി.അബ്ദുൾ റഹ്മാന്റെ നിവേദനവും തദ്ദേശവാസികൾ വയനാട് ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി മുമ്പാകെ സമർപ്പിച്ച നിവേദനവും ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആരെല്ലാമാണ് നിവേദനം നൽകിയിട്ടുള്ളത്; | | |
| (സി) | പ്രസ്തുത നിവേദനങ്ങൾ സംബന്ധിച്ച് ഏതെല്ലാം ഓഫീസുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ; | (സി) | കോഴിക്കോട് മേഖലാ അധികാരിയുടെ ഓഫീസിൽ നിന്നും കൽപ്പറ്റ യൂണിറ്റധികാരിയുടെ ഓഫീസിൽ നിന്നും നിവേദനങ്ങളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബസ്സുകൾക്ക് പഴയ വൈത്തിരിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പഴയ വൈത്തിരിയിൽ ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ